**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 100

08.02.2013 ൽ
മറുപടിയ്ക്ക്

**നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവും**
**സബ്സിഡി പുനഃസ്ഥാപിക്കലും**

ചോദ്യം

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) ;
ശ്രീ. പി.കെ. ഗുരുദാസൻ ;
ശ്രീ. കെ.വി. അബ്ദുൾ ഖാദർ ;
ശ്രീ. കെ. കെ. ജയചന്ദ്രൻ ;

എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സപ്ലൈകോ പൊതു വിതരണ ശാലകൾ വഴി വിതരണം ചെയ്യുന്ന ഏതെല്ലാം ഭക്ഷ്യ വസ്തുക്കൾക്കാണ് വില വർദ്ധിപ്പിച്ചതെന്ന് വെളിപ്പെടുത്താമോ ; വിലവർദ്ധനവ് എത്രയെന്ന് വ്യക്തമാക്കാമോ ;

ബി) സബ്സിഡി നിർത്തലാക്കിയതിന്റെ പേരിൽ എത്രയിനം ഭക്ഷ്യ വസ്തുക്കൾക്കാണ് വില വർദ്ധിപ്പിച്ചത് ; വർദ്ധന എത്ര ; സബ്സിഡി നിർത്തലാക്കുന്നതിന് മുമ്പുണ്ടായിരുന്ന വില എത്ര ;

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) യും ബി) യും

ഈ സർക്കാർ അധികാരമേറ്റശേഷം സപ്ലൈകോ പൊതുവിതരണ ശാലകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കൾക്ക് വില വർദ്ധിപ്പിച്ചിട്ടില്ല. മാവേലി സ്റ്റോറുകളിൽ വിൽപ്പന കുറവായ ഇനങ്ങളായ കടുക്, ജീരകം, ഉലുവ, പീസ്പരിപ്പ്, ഉഴുന്ന് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നിരക്കിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സബ്സിഡി ഒഴിവാക്കിയതിനാൽ ഈ സാധനങ്ങൾക്ക് വില വർദ്ധിച്ചിട്ടുണ്ട്. പകരം വിൽപ്പന കൂടുതലായ ജയ അരി , കുറുവ അരി, പച്ചരി,വെളിച്ചെണ്ണ എന്നിവ സബ്സിഡി നൽകുന്ന 13 ഇനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സബ്സിഡിയിൽ നിന്ന് ഒഴിവാക്കിയ ഇനങ്ങൾക്ക് ഇപ്പോഴത്തെ വിൽപ്പന വില പൊതുമാർക്കറ്റിലെ വിലയേക്കാൾ 30-40% കുറവാണ്. ഈ ഇനങ്ങൾക്ക് നിലവിൽ വിൽപ്പന നിയന്ത്രണങ്ങൾ ഒന്നും ഇല്ല. സബ്സിഡി നിർത്തലാക്കുന്നതിന് മുൻപും അതിന് ശേഷവുമുള്ള വില താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | 5/2011-ലെ വില കി.ഗ്രാമിന് | 1/2013-ലെ വില കി.ഗ്രാമിന് |
|---|---|---|---|
| 1 | ഉഴുന്ന് (പിളർന്നത്) | 31.00 | 45.50 |
| 2 | പീസ്പരിപ്പ് | 18.00 | 33.60 |
| 3 | ജീരകം | 96.00 | 177.20 |
| 4 | കടുക് | 22.00 | 54.80 |
| 5 | ഉലുവ | 28.00 | 41.00 |
| 6 | സോർട്ടക്സ് ബോധന അരി | 16.00 | 25.90 |

സി) മുൻസർക്കാരിന്റെ കാലത്ത് വില സ്ഥിരത നിലനിർത്തിയിരുന്ന 13 ഇനങ്ങളിൽ ഏതെല്ലാം സാധനങ്ങളുടെ വില എത്ര വർദ്ധിച്ചുവെന്ന് വെളിപ്പെടുത്താമോ ; വർദ്ധനവിന് മുൻപുണ്ടായിരുന്ന വില എത്ര;

സി) മുൻസർക്കാരിന്റെ കാലത്ത് വില സ്ഥിരത നിലനിർത്തിയിരുന്ന 13 സാധനങ്ങളിൽ ചെറുപയറിനും കടലയ്ക്കും വില വർദ്ധിച്ചിട്ടുണ്ട്. 2006-2010 കാലഘട്ടത്തിൽ ചെറുപയർ, കടല എന്നിവ കേന്ദ്ര ഗവൺമെന്റ് സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നു. അങ്ങനെ സബ്സിഡി ലഭിച്ചപ്പോൾ ചെറുപയർ 28 രൂപയ്ക്കും കടല 20 രൂപയ്ക്കുമാണ് വിറ്റിരുന്നത്. ഇപ്പോൾ അപ്രകാരം സബ്സിഡി ലഭിക്കുന്നില്ല. അതിനാൽ ഇ-ടെൻഡർ വഴി വാങ്ങുന്ന വിലയും കൈകാര്യ ചെലവുകളും ചേർത്ത് ചെറുപയർ 49 രൂപയ്ക്കും കടല 44 രൂപയ്ക്കുമാണ് വിൽക്കുന്നത്.

ഡി) പൊതുമാർക്കറ്റിൽ വിലക്കയറ്റം രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സപ്ലൈകോ വിറ്റഴിക്കുന്ന നിത്യോപയോഗസാധനങ്ങളുടെ വർദ്ധിപ്പിച്ച വില പിൻവലിക്കുന്നതിനും സബ്സിഡി പുനഃസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഡി) വിൽപ്പന കൂടുതലുള്ള നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുകയോ സബ്സിഡിയിൽ നിന്ന് ഒഴിവാക്കുകയോ ചെയ്തിട്ടില്ല. സബ്സിഡി ഒഴിവാക്കിയ ഇനങ്ങൾ ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തവയാണ്. ഇതിനുപുറമെ മറ്റ് അവശ്യസാധനങ്ങളും എഫ്.എം.സി.ജി ഉൽപ്പന്നങ്ങളും മാർക്കറ്റ് വിലയേക്കാൾ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് നൽകി വരുന്നു.

Beena

സെക്ഷൻ ഓഫീസർ